(സി) ഉണ്ടെങ്കിൽ ഇതിൽ ഒരു വിഭാഗത്തിനു നൽകുന്നത് കാലഹരണപ്പെട്ട സിലബസ്സാണെന്നത് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) എസ്.ഐ.-മാരുടെ ട്രെയിനിംഗ് ഏകീകൃത സിലബസ്സിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10-12-2010-ലെ ജി.ഒ (പി) നമ്പർ 268/10/ആഭ്യന്തരം ഉത്തരവ് പ്രകാരമാണ് കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നത്.

(ബി & സി) ഉണ്ട്. രണ്ട് വിഭാഗങ്ങൾക്കും പി.എസ്.സി രണ്ട് രീതിയിലുള്ള പരീക്ഷകൾ നടത്തുകയും രണ്ട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമാണ് ചെയ്യുന്നത്. നിലവിലുള്ള ട്രെയിനിംഗ് പദ്ധതികൾ പ്രകാരം രണ്ട് വിഭാഗങ്ങൾക്കും രണ്ട് രീതിയിലുള്ള പരിശീലനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാലാണ് അവർക്ക് പ്രത്യേകം പ്രത്യേകം ട്രെയിനിംഗ് നൽകിവരുന്നത്. ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ എസ്.ഐ.-മാർക്ക് 16 മാസത്തെ പരിശീലനമാണ് നൽകുന്നത്. ആംഡ് റിസർച്ച് എസ്.ഐ.-മാർക്ക് 12 മാസത്തെ പരിശീലനവും നൽകുന്നു. രണ്ട് കൂട്ടരുടേയും പരിശീലന പദ്ധതികൾ കാലാനുസൃതമായി പരിഷ്ക്കരിച്ചവയാണ്.

(ഡി) കേരള സിവിൽ പോലീസിന്റെ സ്പെഷ്യൽ റൂൾ നിർമ്മിച്ച് ഇന്റഗ്രേഷൻ പൂർത്തിയാകുമ്പോൾ എസ്.ഐ തസ്തികയിലെ ട്രെയിനിംഗ് ഏകീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

വനിതാ പോലീസ് നിയമനത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

173 (7736) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ വിവിധ തസ്തികകളിലായി ആകെ എത്ര പേരാണ് ജോലി ചെയ്യുന്നത് ;

(ബി) തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ;

(സി) ഓരോ തസ്തികയിലും എത്ര വനിതകൾ ജോലിചെയ്യുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) വനിതകളുടെ എണ്ണം വളരെ കുറവാണെന്ന വസ്തുത കണക്കിലെടുത്ത് പോലീസ് സേനയിലെ വിവിധ തസ്തികകളിലേക്ക് വനിതകളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കാൻ തയ്യാറാകുമോ ;

(ഇ) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 51070 പേർ.

(ബി) തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

Rank	No. of Officers
DGP	7
ADGP	23
IGP	24
DIG	21
SP (IPS)	76
SP (Non IPS)	51
DYsP	374
Inspector	551
SI	2666
ASI	2183
SCPO	11946
CPO	33148
Total	51070

(സി) വനിതാ പോലീസുദ്യോഗസ്ഥർ ജോലി ചെയ്യുന്ന തസ്തികയും അവരുടെ എണ്ണവും ചുവടെ ചേർക്കുന്നു :

Rank	No. of Officers
DGP	0
ADGP	2
IGP	0
DIG	0
SP (IPS)	4
SP (Non IPS)	0
WDysP	1
WCI	23
WSI	66
WSCPO	163
WCPO	2809
Total	3068

LIBRARY ARCHIVES Kerala Legislative Assembly

(ഡി & ഇ) 120 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടേയും 60 വനിതാ സബ് ഇൻസ്പെക്ടർമാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

എസ്.എച്ച്.ഒ. തസ്തികയിലെ നിയമനം

174 (7737) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാനപാലനവും കുറ്റാന്വേഷണവും നിർവഹിക്കുന്നതിനായി ഒരേ പോലീസ് സ്റ്റേഷനിൽ രണ്ട് സബ് ഇൻസ്പെക്ടർമാർ ചുമതല വഹിക്കുമ്പോൾ അവർക്ക് പുറമേ എസ്.എച്ച്.ഒ. തസ്തികയിൽ ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെക്കൂടി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ & ബി) ഇക്കാര്യം പരിഗണനയിലില്ല.

സബ്/സർക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനം

175 (7738) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്), സർക്കിൾ ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) എന്നീ വിഭാഗങ്ങളിൽ എത്ര തസ്തികകൾ നിലവിലുണ്ട് ;

(ബി) സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) തസ്തികയിലേക്ക് നേരിട്ടുള്ള നിയമനവും പ്രൊമോഷൻ വഴിയുള്ള നിയമനവും ഏത് അനുപാതത്തിലാണ് നൽകിവരുന്നത് ;

(സി) നേരിട്ടുള്ള നിയമനം ലഭിച്ച എത്ര സബ് ഇൻസ്പെക്ടർമാർ ജനറൽ എക്സിക്യൂട്ടീവ് തസ്തികയിൽ ജോലി ചെയ്തുവരുന്നു ; പ്രസ്തുത തസ്തികയിലുള്ള എത്രപേർക്ക് ട്രെയിനിംഗ് നൽകിവരുന്നു ;

(ഡി) നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. ശുപാർശ നടത്തിയതിൽ നിന്ന് എത്ര ഒഴിവുകൾ എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; നിയമനത്തിലെ അനുപാതം പാലിക്കപ്പെടണമെങ്കിൽ ഇനി എത്രപേർക്കുകൂടി നേരിട്ടുള്ള നിയമനം നൽകേണ്ടതായിട്ടുണ്ട് ;

(ഇ) നേരിട്ടുള്ള നിയമനംവഴി സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) തസ്തികയിൽ നിയമിക്കപ്പെട്ടവരിൽ എത്രപേർക്ക് 2014-ൽ സർക്കിൾ ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട് ?

483/2016

LIBRARY ARCHIVES Kerala Legislative Assembly